**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 777** **26-07-2021 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മണ്ഡലത്തിൽ നവീകരിക്കുന്ന വിദ്യാലയങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നവീകരിക്കുന്ന വിദ്യാലയങ്ങളുടെ വിവരങ്ങൾ വ്യക്തമാക്കാമോ; | (എ) | ഗുരുവായൂർ മണ്ഡലത്തിൽ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങൾ നവീകരിക്കുന്നതിനായി 5 കോടി, 3 കോടി, ഒരു കോടി രൂപ കിഫ്ബി ധനസഹായത്തോടെയുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 5 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ ചാവക്കാട് മണത്തല ജി.എച്ച്.എസ്.എസ്. സ്കൂളിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു. 3 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കൊച്ചന്നൂർ ഗവ. എച്ച്.എസ്.എസ് സ്കൂളിന്റെ നിർമ്മാണം പൂർത്തീകരിച്ചു. 1 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ ഗവ.എച്ച്.എസ്.എസ്. ചാവക്കാട് സ്കൂളിന്റെ നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഗുരുവായൂർ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പുതിയ കെട്ടിടങ്ങൾ നിർമ്മിയ്ക്കുന്നതിന് പഴയ ക്ലാസ്സ് മുറികൾ പൊളിച്ച് നീക്കം ചെയ്തിട്ടുള്ള സ്കൂളുകളിൽ പഠനത്തിന് ആവശ്യമായ ക്ലാസ്സ് മുറികൾ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | സ്കൂൾ തുറക്കുന്നതിന് മുമ്പായി പുതിയ ക്ലാസ്സ് മുറികൾ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (സി) | ജി.എച്ച്.എസ്.എസ്. കൊച്ചന്നൂരിന്റെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി സ്കൂൾ അധികൃതർക്ക് കൈമാറിയിട്ടുണ്ട്. ജി.എച്ച്.എസ്. മണത്തല യിലെ ഒരു സ്കൂൾ ബ്ലോക്കിന്റെ (ക്ലാസ് മുറികളുടെ) നിർമ്മാണ പ്രവർത്തനങ്ങൾ ഏകദേശം പൂർത്തിയായി വരുന്നു. രണ്ടാമത്തെ ബ്ലോക്കിലെ ക്ലാസ് റൂമുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. എത്രയും പെട്ടെന്ന് നിർമ്മാണ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാനുള്ള നിർദേശങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ